## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 673** **27.04.2017-ൽ മറുപടിയ്ക്ക്**

### പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ആധുനിക സൗകര്യങ്ങൾ

**ചോദ്യം**
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.സണ്ണി ജോസഫ്
ശ്രീ.വി.ടി.ബൽറാം

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) & ബി) | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭവന നിർമ്മാണ പദ്ധതി, ഹാംലെറ്റ് വികസന പദ്ധതി, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ, കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ ടു ടി.എസ്.പി എന്നീ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കോളനികളിലെ കുട്ടികൾക്ക് പഠന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയുള്ള സാമൂഹ്യ പഠന മുറി എന്ന പദ്ധതി 2017-18 വർഷം ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള നടപടികൾ ആരംഭിച്ചു. കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള |
| ബി) | എന്തെല്ലാം പദ്ധതികളാണ് ഇതിനായി നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ; വിശദീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ച് വരുന്നു. പട്ടികവർഗ്ഗ മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ജലനിധി വഴി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| സി) | സങ്കേതങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ലഭിക്കുന്നത്, വിവരിക്കുമോ; | സി) | വാസയോഗ്യമായ ഭവനം, കുടിവെള്ളം, റോഡ്, ശുചിത്വം, സമ്പൂർണ്ണ വൈദ്യുതീകരണം, നടപ്പാതകൾ, പാലങ്ങൾ, റോഡ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം കോളനികളിലെ കുട്ടികൾക്ക് പഠന സൗകര്യം ഏർപ്പെടുത്തുന്നതിന് ഇന്റർനെറ്റ് സൗകര്യത്തോടു കൂടിയ സാമൂഹ്യ പഠനമുറി സൗകര്യം ലഭ്യമാക്കുന്നു. |
| ഡി) | ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്? | ഡി) | (see table below) |

| 2017-18 സാമ്പത്തിക വർഷത്തെ പദ്ധതികൾ | രൂപ (ലക്ഷത്തിൽ) |
|---|---|
| ഹൗസിംഗ് | 1,508.00 |
| കോർപ്പസ് ഫണ്ട് | 5,079.00 |
| അംബേദ്കർ സെറ്റിൽമെന്റ് | 10,000.00 |
| എസ്.സി.എ ടു ടി.എസ്.പി | 1,300.00 |
| ആർട്ടിക്കിൾ 275(1) | 600.00 |
| **ആകെ** | **18,487.00** |

സെക്ഷൻ ഓഫീസർ